## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം　　　　23. 7. 2012 - ൽ മറുപടിക്ക്

നമ്പർ: 7908

### വിജിലൻസ് കേസുകളിൽ അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരുടെ എണ്ണം സംബന്ധിച്ച വിശദാംശം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) വിജിലൻസ് കേസുകളിൽ അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരുടെ എണ്ണം സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് നൽകാമോ ; | (എ ) അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) വിജിലൻസ് കേസുകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ; | **(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നു. അന്വേഷണത്തിലിരിക്കുന്ന കാലപ്പഴക്കം ചെന്ന കേസുകളും മറ്റും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചു വരുന്നു. കേസുകളുടെ വിചാരണ ത്വരിതപ്പെടുത്തുന്നതിനായി നിലവിലുള്ള വിജിലൻസ് കോടതികൾക്കു പുറമേ, പുതിയ കോടതികൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) അന്വേഷണം നേരിടുന്നതും സസ്പെൻഷനിലുള്ളവരുമായ ഉദ്യോഗസ്ഥരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) അന്വേഷണം നേരിടുന്നതും സസ്പെൻഷനിലുള്ളവരുമായ ഉദ്യോഗസ്ഥരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് 23.01.1990 ലെ ജി.ഒ (എം.എസ്) 21/1990/വിജി. നമ്പർ |

ഉത്തരവു പ്രകാരം സർക്കാർ മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്തരവു പ്രകാരം വിജിലൻസ്/ആഭ്യന്തര വകുപ്പു സെക്രട്ടറി, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ, പി.ആൻറ് എ ആർ. ഡി സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി ( വിജിലൻസ്) എന്നിവരുൾപ്പെടുന്ന അഞ്ചംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 4 മാസത്തിലൊരിക്കൽ കൂടുകയും സസ്പെൻഷനിൽ കഴിയുന്ന ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള വിജിലൻസ് കേസുകളും അന്വേഷണങ്ങളും വിലയിരുത്തുകയും സസ്പെൻഷൻ പിൻവലിക്കുന്നത് സംബന്ധിച്ച് ഉചിതമായതീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നു.

സെക്ഷൻ ആഫീസർ

അനുബന്ധം 1

**വിജിലൻസ് കേസുകളിൽ അന്വേഷണം നേരിടുന്ന സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ജില്ല തിരിച്ചുള്ള വിവരം.**

| ജില്ല | സർക്കാർ ജീവനക്കാർ | പൊതുമേഖലാ ജീവനക്കാർ |
|---|---|---|
| തിരുവനന്തപുരം | 89 | 89 |
| കൊല്ലം | 77 | 32 |
| പത്തനംതിട്ട | 44 | 22 |
| ആലപ്പുഴ | 24 | 16 |
| കോട്ടയം | 50 | 20 |
| ഇടുക്കി | 40 | 41 |
| എറണാകുളം | 107 | 61 |
| തൃശ്ശൂർ | 51 | 79 |
| പാലക്കാട് | 27 | 23 |
| മലപ്പുറം | 23 | 23 |
| വയനാട് | 63 | 10 |
| കോഴിക്കോട് | 51 | 30 |
| കണ്ണൂർ | 55 | 24 |
| കാസർഗോഡ് | 15 | 6 |

(signature)

സെക്ഷൻ ആഫീസർ